# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1768 | 07.03.2018 ൽ മറുപടിക്ക്

## കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ 4 സ്പെഷ്യാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും 2 ലാബ് ടെക്നീഷ്യന്റെയും ഒരു ദന്തൽ സർജന്റെയും തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും പ്രത്യേക വാർഡിന്റെ അഭാവം സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മോർച്ചറിയുടെയും ഫ്രീസറിന്റെയും അഭാവം പോസ്റ്റ്മോർട്ടത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (സി) | മോർച്ചറി കംഫ്രീസർ ആധുനിക രീതിയിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ, ആശുപത്രിയുടെ ശോച്യാവസ്ഥ കണക്കിലെടുത്ത് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ(NRHM) പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ആശുപത്രിയുടെ അധീനതയിൽ ഉള്ള 80 സെന്റ് സ്ഥലം നിലവിൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശമാണ് ഉള്ളത്. അത് വിട്ടു കിട്ടുന്നതിനുള്ള കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥലം വിട്ടുകിട്ടിയാൽ നാഷണൽ ഹെൽത്ത് മിഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ